## വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ.റ്റി.വി. IAS)

**ഉത്തരവ് നം.WEC.2/2242/20** തീയതി:06..02..2021

വിഷയം :വനിതാ ശിശുവികസന വകുപ്പ് - **കൂട്ട്** പദ്ധതി – തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. കാസർഗോഡ് WPO യുടെ 1/1/20 ലെ WPO/KSD/288/18 നമ്പർ കത്ത്.
2. സ.ഉ.(സാധാ) നമ്പർ 629/2020/സാനീവ. തീയതി 12/11/2020.
3.കാസർഗോഡ് WPO യുടെ 20/1/021 ലെ WPO/KSD/288/18 നമ്പർ കത്ത്.

കാസർഗോഡ് ജില്ലയിലെ സാമൂഹിക സാമ്പത്തിക പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് വിധവകളായ സ്ത്രീകളുടെ ഉന്നമനത്തിനും സംരക്ഷണത്തിനുമായി ജില്ലാ ഭരണകൂടവും വനിത ശിശുവികസന വകുപ്പ് വുമൺ പ്രൊട്ടക്ഷൻ ഓഫീസിന്റെ ജില്ലാതല വിധവ സെല്ലിന്റെയും നേതൃത്വത്തിൽ നടത്താനുദ്ദേശിക്കുന്ന **'കൂട്ട്'** എന്ന പദ്ധതിക്കായി 5,00,000/- രൂപയുടെ പ്രൊപ്പോസൽ പരാമർശം 1 പ്രകാരം കാസർഗോഡ് WPO സമർപ്പിക്കുകയും ആയതിന് പരാമർശം 2 പ്രകാരം ഭരണാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പരാമർശം (3) പ്രകാരം പദ്ധതി നടത്തിപ്പിനായി വനിത സംരക്ഷണ ഓഫീസർ 5 ലക്ഷം രൂപയുടെ അലോട്ട്മെന്റിന് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ വിധവകളായ സ്ത്രീകളുടെ അവസ്ഥയും അവർക്ക് വേണ്ട ആവശ്യങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി സമഗ്രമായ വിവര ശേഖരണത്തിന് സർവ്വെ നടത്തുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് എന്നിവ വികസിപ്പിക്കുന്നതിന് 2,00,000/- രൂപയും ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് 1,00,000/- രൂപയും വിധവാ പുനർവിവാഹ പ്രോത്സാഹന നടപടികൾക്കായി 2,00,000/- രൂപയും ചേർത്ത് ആകെ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) കാസർഗോഡ് WPO യ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

WPO, DWCDO, PO എന്നിവരുമായി കൂടിയാലോചിച്ച് പ്രസ്തുത പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതും പദ്ധതി പുരോഗതി സംബന്ധിച്ച് പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ 500000/- രൂപ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. തുക വിനിയോഗപത്രം, Expenditure Statement എന്നിവ 3 മാസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്
**വനിതാ ശിശുവികസന ഡയറക്ടർ**

WPO, കാസർഗോഡ്

**പകർപ്പ്**

1. DWCDO, കാസർഗോഡ്
2. സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻപ്രകാരം
Sunde
**സൂപ്രണ്ട്**

NA/21